**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 474** **08-06-2021 - ൽ മറുപടിയ്ക്ക്**

**മുറ്റത്തെ മുല്ല പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **Shri. V. N. Vasavan**<br>**(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണവകുപ്പും കുടുംബശ്രീയുമായി ചേർന്ന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ ; | (എ) | സഹകരണ വകുപ്പും കുടുംബശ്രീയുമായി ചേർന്ന് നിലവിൽ മുറ്റത്തെ മുല്ല എന്ന പേരിൽ ഗ്രാമീണ ലഘുവായ്പ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനു പുറമേ കുടുംബശ്രീയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ "ഒപ്പം, CMHLS(CM's Helping Hand Loan Scheme-CMHLS/ മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി), SHG(Self Help Group), JLG (Joint Liability Group)" എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | 'മുറ്റത്തെ മുല്ല' പദ്ധതിയുടെ ആനുകൂല്യം എത്ര പേർക്ക് ലഭ്യമാക്കാനായിയെന്ന് വെളിപ്പെടുത്താമോ ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം വ്യക്തമാക്കാമോ? | (ബി) | 31.03.2021 വരെ 10784 കുടുംബശ്രീ യൂണിറ്റുകൾ മുഖേന 3,19,340 അംഗങ്ങൾക്ക് മുറ്റത്തെ മുല്ല പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ട നഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തി പ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണലഘു വായ്പാ പദ്ധതി. സാധാരണക്കാരന് ബ്ലേഡ് പലിശക്കാരെ സമീപിക്കാതെ സ്വന്തം വീട്ടു പടിക്കൽ വായ്പ ധനസഹായം ബുദ്ധിമുട്ടില്ലാതെ ലഭിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രധാന നേട്ടം. |

സെക്ഷൻ ഓഫീസർ